**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2103** **21-06-2024 - ൽ മറുപടിയ്ക്ക്**

**മദ്യനയത്തിനായി പണപ്പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. എം. വിൻസെന്റ്, ശ്രീ. അൻവർ സാദത്ത്, ശ്രീമതി കെ. കെ. രമ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ബാർ ഉടമകൾക്ക് അനുകൂലമായി മദ്യനയം നടപ്പാക്കുന്നതിന് സംസ്ഥാനത്തെ ഓരോ ബാറുടമയും രണ്ടര ലക്ഷം വീതം കോഴ നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ളതായി പറയപ്പെടുന്ന ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റിന്റെ ശബ്ദ സന്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ബാർ ഉടമകൾക്ക് അനുകൂലമായി മദ്യനയം നടപ്പാക്കുന്നതിനായി ബാറുടമകൾക്കിടയിൽ പണപ്പിരിവ് നടത്തി എന്ന തരത്തിൽ ബാറുടമകളുടെ സംഘടനാ നേതാവിന്റെ ശബ്ദ സന്ദേശം പുറത്ത് വന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് ബഹു. കേരള സംസ്ഥാന തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24.05.2024-ൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിയിലും പുറത്തുവന്ന ശബ്ദ സന്ദേശത്തിലും പറയുന്ന കാര്യങ്ങളെക്കുറിച്ച് പ്രാഥമിക അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തി വരുന്നു. |
| (ബി) | പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടക്കുന്നത്; അന്വേഷണ പുരോഗതി വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ ബാർ ഉടമകൾക്ക് അനുകൂലമായി മദ്യനയം നടപ്പാക്കുന്നതിനായി ബാറുടമകൾക്കിടയിൽ പണപ്പിരിവ് നടത്തി എന്ന തരത്തിൽ ബാറുടമകളുടെ സംഘടനാ നേതാവിന്റെ ശബ്ദ സന്ദേശം പുറത്ത് വന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തണമെന്ന് ബഹു. കേരള സംസ്ഥാന തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി 24.05.2024-ൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതിയിലും പുറത്തുവന്ന ശബ്ദ സന്ദേശത്തിലും |

| | | | |
|---|---|---|---|
| | | | പറയുന്ന കാര്യങ്ങളെക്കുറിച്ച് പ്രാഥമിക അന്വേഷണം ക്രൈം ബ്രാഞ്ച് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ